# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4602

28/06/2013-ൽ മറുപടിയ്ക്ക്

**പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്നതിന്റെ മാനദണ്ഡം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.മഞ്ഞളാംകുഴി അലി<br>നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി |
| എ) പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കുന്നതിന്റെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 4 പ്രകാരം സർക്കാരിന് വിജ്ഞാപനം വഴി ഒരു മുനിസിപ്പൽ പ്രദേശത്തോട് ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന പഞ്ചായത്തിലെ ഭൂപ്രദേശം മുനിസിപ്പാലിറ്റിയോട് സംയോജിപ്പിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള ഒരു വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുമ്പ് 243 ക്യൂ അനുച്ഛേദപ്രകാരവും 1-ാം ഉപവകുപ്പ് പ്രകാരമുള്ള ആവശ്യകത നിറവേറ്റേണ്ടതും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതുമാണ്. എന്നു മാത്രമല്ല ഈ ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന ഏതൊരു വിജ്ഞാപനവും ആ ഭൂപ്രദേശത്ത് നിലവിലുള്ള മുനിസിപ്പാലിറ്റിയുടെയോ, ഗ്രാമപഞ്ചായത്തിന്റെയോ സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br><br>സെക്ഷൻ 4(4) പ്രകാരം ഏതെങ്കിലും ഗ്രാമപഞ്ചായത്ത് പ്രദേശം ഒരു മുനിസപ്പാലിറ്റിയായി രൂപീകരിക്കുകയോ, അതിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്നയിടത്ത്, സർക്കാരിന് ആ പ്രദേശത്തെ അങ്ങനെയുള്ള പഞ്ചായത്തിന്റെ വസ്തുവകകളുടെയോ, സ്ഥാപനങ്ങളുടെയോ മുനിസിപ്പാലിറ്റികളിലേക്കുള്ള കൈമാറ്റത്തെയോ, മറ്റ് വിധത്തിലുള്ള കൈയ്യൊഴിയലിനെയോ സംബന്ധിച്ചും അങ്ങനെയുള്ള വസ്തുവകകളെയോ, |

സ്ഥാപനങ്ങളെയോ സംബന്ധിച്ച ബാദ്ധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവയുടെ ഉൻമോചനത്തെ സംബന്ധിച്ചും അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസ്സാക്കാവുന്നതുമാണ്. കൂടാതെ സെക്ഷൻ 4(5) പ്രകാരം പഞ്ചായത്ത് പ്രദേശം മുനിസിപ്പാലിറ്റിയായി രൂപീകരിക്കുമ്പോൾ ആ പ്രദേശത്ത് നിലവിലുള്ള നിയമങ്ങൾക്കോ, റഗുലേഷനുകൾക്കോ കീഴിൽ ചുമത്തിയിരുന്ന എല്ലാ നികുതികൾക്കും ഫീസുകൾക്കും, മറ്റ് ചാർജ്ജുകൾക്കും അതത് സംഗതി പോലെ രൂപീകരണത്തിന്റെയോ, ഉൾപ്പെടുത്തലിന്റെയോ തീയതി മുതൽ പ്രാബല്യം ഇല്ലാതായി തീരുന്നതും, എല്ലാ നികുതികളും ഫീസുകളും മറ്റ് ചാർജ്ജുകളും കേരള മുനിസിപ്പാലിറ്റി ആക്ടിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും ബൈലാകളുടെയും വ്യവസ്ഥകൾക്കനുസൃതമായി ആ പ്രദേശത്തിൽ ചുമത്തേണ്ടതുമാകുന്നു.

ബി) ഇപ്പോൾ നിലവിൽ എത്ര മുനിസിപ്പാലിറ്റികൾ ഉണ്ട്;

ബി) നിലവിൽ 60 മുനിസിപ്പാലിറ്റികൾ ഉണ്ട്.

സി) ഏതെങ്കിലും പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വിശദാംശം ലഭ്യമാക്കുമോ?

സി) 2013-14 ലെ ബഡ്ജറ്റ്പ്രസംഗത്തിൽ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിനെ മുനിസിപ്പാലിറ്റിയാക്കി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 4(2) (എ) (ബി) ഖണ്ഡങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ, കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിലെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്ക് അല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടില്ലാത്തതുമാകുന്നു.

സെക്ഷൻ ഓഫീസർ